LIBRARY ARCHIVES Kerala Legislative Assembly

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പുനരുദ്ധാരണം**

153 (3348) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ കോർപ്പറേഷന്റെ വികസനത്തിന് എത്ര തുക ചെലവഴിച്ചു ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; പ്രസ്തുത തുക എന്തിനെല്ലാം ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(സി) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കൊടുക്കാനുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) നിലവിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

**ഉത്തരം**

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കുടുംബകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

154 (3349) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി യു. എൻ. ജനറൽ അസംബ്ലി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കുടുംബകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കുടുംബകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്തെ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം തേടാനുള്ള പദ്ധതികൾക്ക് രൂപം നല്കാൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

**ഉത്തരം**

(എ) 2014 അന്താരാഷ്ട്ര കുടുംബ വർഷമായി യു.എൻ. പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതുതായി പദ്ധതികളൊന്നും 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, കുടുംബാംഗങ്ങളുടെ കായികാദ്ധ്വാനം